നമ്പർ. ജി(2)37701/2014. സഹകരണ സംഘം രജിസ്ട്രാർ ആഫീസ്,
തിരുവനന്തപുരം, തീയതി, 18.10.2014

**സർക്കുലർ നമ്പർ. 46 /2014**

വിഷയം - സഹകരണ വകുപ്പ്- പരിസ്ഥിതി സംരക്ഷണത്തിന്റെ ഭാഗമായി സഹകരണ സ്ഥാപനങ്ങൾ മുഖേന വൃക്ഷത്തൈകൾ നട്ട് വളർത്തുന്ന പദ്ധതി ആലില- നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത്- സംബന്ധിച്ച്.

സൂചന - 1. 25.9.2014 ലെ സർക്കുലർ നമ്പർ.43/2014
2. 15.10.14 ന് ചേർന്ന ജില്ലാ ബാങ്ക് പ്രസിഡന്റ്മാരുടെ യോഗ തീരുമാനം

......

സഹകരണ വകുപ്പ് പരിസ്ഥിതി സംരക്ഷണത്തിന്റെ ഭാഗമായി 'ആലില' എന്ന പദ്ധതി ആവഷ്ക്കരിക്കുകയും അതിന്റെ സംസ്ഥാനതല ഉദ്ഘാടനം 2014 ഒക്ടോബർ 4-ാം തീയതി തൃശൂർ മെഡിക്കൽ കോളേജ് ക്യാമ്പസിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി നിർവ്വഹിക്കുകയും ചെയ്തിട്ടുണ്ട്. സംസ്ഥാനത്തെ എല്ലാ സഹകരണ സ്ഥാപനങ്ങളും തങ്ങളുടെ അധീനതയിലുള്ള സ്ഥലത്തും ബന്ധപ്പെട്ട അധികാരികളുടെ അനുമതിയോടെ പൊതു സ്ഥലത്തും വൃക്ഷത്തൈകൾ നടുന്നതിനും ആയത് പരിപാലിക്കുകയും ചെയ്യുന്നതിനാണുദ്ദേശിക്കുന്നത്.

ഈ പദ്ധതിയുടെ നടത്തിപ്പിനായി വിവിധ വകുപ്പുകൾക്ക് ആവശ്യമായ വൃക്ഷത്തൈകൾ അതാതു ജില്ലകളിലെ സംഘങ്ങൾക്ക്/വ്യക്തികൾക്ക് വൃക്ഷത്തൈകൾ സൗജന്യമായി ഫോറസ്റ്റ് ആഫീസുകൾ/സാമൂഹ്യ വനവൽക്കരണ ആഫീസുകൾ കൃഷി തുടങ്ങിയ മറ്റു വകുപ്പുകൾ, സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്നും ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ഇപ്രകാരം വൃക്ഷത്തൈകൾ പ്രത്യേകിച്ചും ഫലവൃക്ഷത്തൈകൾ ലഭ്യമല്ലാതെ വരുന്ന സാഹചര്യത്തിൽ സംഘങ്ങൾക്ക് അവരുടെ ഫണ്ടിൽ നിന്നും പരമാവധി 5000/- രൂപ വരെ ചെലവഴിച്ച് വൃക്ഷത്തൈകൾ വാങ്ങി വിതരണം ചെയ്യുന്നതിന് അനുമതി നൽകുന്നു.

ഒപ്പ്
എസ്. ലളിതാംബിക ഐ.എ.എസ്.
സഹകരണസംഘം രജിസ്ട്രാർ

പകർപ്പ് -

.

1. എല്ലാ അപ്പക്സ് സ്ഥാപനങ്ങൾക്കും/ബാങ്കുകൾക്കും
2. എല്ലാ ജില്ലാ സഹകരണ ബാങ്കുകൾക്കും
3. എല്ലാ പ്രാഥമിക സഹകരണ സംഘങ്ങൾക്കും (ജോയിന്റ് രജിസ്ട്രാർ (ജനറൽ) മുഖേന)
4. ജോയിന്റ് രജിസ്ട്രാർ (ജനറൽ)മാർക്കും
5. ജോയിന്റ് ഡയറക്ടർമാർക്കും
6. അസിസ്റ്റൻ രജിസ്ട്രാർ (ജനറൽ)മാർക്കും/അസിസ്റ്റൻറ് ഡയറക്ടർമാർക്കും
7. എഡിറ്റർ, സഹകരണ വീഥി/ സഹകരണ ജേർണൽ
8. വെബ്സൈറ്റ്
9. സ്റ്റോക്ക് ഫയൽ.